**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 16/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC7/2020/EXCISE**

വിഷയം: അബ്കാരി- കള്ളുഷാപ്പുകളുടെ വില്പന -സംസ്ഥാനത്ത് കൊറോണ(കോവിഡ്-19) രോഗ ബാധയുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ -മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

സൂചന: 10.03.2020 തീയ്യതിയിലെ ബഹു .എക്സൈസ് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 39/2020/VIP/M(L$E) നമ്പർ കുറിപ്പ് .

മേൽ വിഷയത്തിലേക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിയ്ക്കുന്നു . സംസ്ഥാനത്ത് കൊറോണ (കോവിഡ്-19) രോഗം പടരുന്ന സാഹചര്യത്തിൽ വൈറസ് ബാധയുടെ വ്യാപനം ഫലപ്രദമായി തടയുന്നതിനും രോഗബാധ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളുടെ ഭാഗമായി സംസ്ഥാനത്ത് നടത്തുന്ന കള്ളുഷാപ്പ് വില്പന നടപടികളിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഡോക്ടർമാർ അടങ്ങുന്ന ഒരു മെഡിക്കൽ സംഘത്തെ വില്പന സമയത്ത് സജ്ജമാക്കേണ്ടതാണ് .
2. വില്പന നടത്തുന്നതിന് ശീതീകരിച്ച മുറികൾ ഒഴിവാക്കി വായുസഞ്ചാരമുള്ള സ്ഥലത്ത് വച്ച് ഒരു സമയം പരമാവധി ഒരു റേഞ്ചിലെയോ / ഒരു റേഞ്ചിൽ ഉൾക്കൊള്ളുന്ന ഗ്രൂപ്പുകളിലെ ഷാപ്പുകളുടെയോ വില്പന മാത്രം നടത്തേണ്ടതാണ്. അതിൽ പ്രിഫറൻസ് ഉള്ള ആൾക്കാരേയും ടി റേഞ്ചിലെ വില്പനയിൽ പങ്കെടുക്കുന്നതിനു യോഗ്യതയുള്ള മറ്റ് ആൾക്കാരെയും മാത്രമെ ഹാളിൽ പ്രവേശിപ്പിക്കാവൂ .
3. മേൽ പറഞ്ഞ പ്രകാരമുള്ള വില്പന കഴിഞ്ഞ് 45 മിനിറ്റ് സമയം കൊടുത്ത് പ്രസ്തുത സമയത്തിൽ ഹാളും പരിസരവും അണു വിമുക്തമാക്കിയതിനുശേഷം അടുത്ത റേഞ്ച് / ഗ്രൂപ്പ് വില്പന നടപടികൾ നടത്തേണ്ടതാണ്. ഇപ്രകാരം 45 മിനിറ്റ് ഇടവേളകൾക്ക് ശേഷം തുടർ വില്പന നടത്താവുന്നതാണ്.
4. ഉദ്യോഗസ്ഥർ ഉൾപ്പെടെ വില്പനയിൽ പങ്കെടുക്കുന്നവർ എല്ലാവരും മാസ്ക്, കൈയുറ തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങൾ ധരിച്ചുവേണം വില്പന നടപടികളിൽ പങ്കെടുക്കേണ്ടത്.
5. മാസ്ക് ധരിക്കുന്നവർ ഇടയ്ക്കിടെ മാസ്കിനു മുകളിൽ തൊടുന്നത് ഒഴിവാക്കുകയും ഉപയോഗം കഴിഞ്ഞ മാസ്കുകൾ തുറസ്സായ സ്ഥലങ്ങളിൽ നശിപ്പിച്ച് കളയേണ്ടതുമാണ്.
6. വില്പന നടപടി സമയത്ത് രോഗ ബാധയുള്ളവരെ ശ്രദ്ധയിൽപ്പെട്ടാൽ മെഡിക്കൽ സംഘത്തെ അറിയിക്കേണ്ടതും അനന്തര നടപടികൾ എടുക്കേണ്ടതുമാണ് .
7. വില്പനയിൽ പങ്കെടുക്കുന്ന വ്യക്തികൾ തമ്മിൽ ഒരു മീറ്റർ അകലം പാലിക്കാൻ സാധിക്കത്തക്കവണ്ണമാണ് ഹാളിലെ ഇരിപ്പിടവും മറ്റ് സംവിധാനങ്ങളും തയ്യാറാക്കേണ്ടത്.
8. ഇത്തരത്തിൽ സ്ഥല സൗകര്യം ഉറപ്പ് വരുത്തുന്നതിനായി 500 പേർക്ക് പങ്കെടുക്കാവുന്ന സ്ഥലത്ത് 100 പേർ എന്ന കണക്കിൽ നടപടികൾ ക്രമീകരിക്കേണ്ടതാണ് .
9. വില്പന നടപടികളുടെ ഫോട്ടോ /വീഡിയോ റിക്കോർഡിങ്ങ് നടത്തേണ്ടതാണ്.
10. കൊറോണ പ്രതിരോധത്തിനായി സർക്കാരും ആരോഗ്യവകുപ്പും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .
11. ആവശ്യമായ സെക്യൂരിറ്റി ലഭിക്കുന്നതിലേയ്ക്കായി എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിക്കേണ്ടതും അത്യാവശ്യഘട്ടത്തിൽ പോലീസിൻറെ സഹായം

തേടേണ്ടതുമാണ്.

ടി ക്രമീകരണങ്ങൾ എല്ലാം തന്നെ കൊറോണ എന്ന മാരക വിപത്തിനെ പ്രതിരോധിക്കുന്നതിനുവേണ്ടിയാണെന്ന ഉത്തമ ബോദ്ധ്യത്തോടെയാകണം നടപ്പിലാക്കേണ്ടതെന്ന് ഒരിക്കൽ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

S. AANANTHAKRISHNAN IPS

Signature valid

എക്സൈസ് കമ്മീഷണർ

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ, കേരള
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോ/അഡ്മിൻ)
3. ജോയിൻറ് എക്സൈസ് കമ്മീഷണർ (മേഖല എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. എക്സൈസ് കമ്മീഷണർ സി.എ